VII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 18-ാമതു റിപ്പോർട്ട്".

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 18-ാമതു റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Mr. Dy. Speaker: The report is adopted.

(2) പ്രമേയങ്ങൾ

(i) മതേതരത്വത്തിനെതിരായി വിവിധ സംസ്ഥാനങ്ങളിൽ നടക്കുന്ന ആക്രമണങ്ങൾ*

ശ്രീ. എൻ. ഐ. ഭേവസ്സിക്കുട്ടി: സർ, "മതന്യൂന പക്ഷങ്ങൾക്ക് ഭരണഘടന നൽകിയിട്ടുള്ള അവകാശങ്ങൾക്കും മതേതരത്വത്തിനുമെതിരായി ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നടക്കുന്ന ആക്രമണ
10 A.M] ങ്ങളിൽ ഈ സഭയ്ക്കുള്ള ഉൽക്കണ്ഠ രേഖപ്പെടുത്തുകയും അത്തരം പ്രവർത്തനങ്ങൾക്കെതിരായി ശക്തമായ നടപടികൾ കൈക്കൊള്ളണമെന്ന് ഈ സഭ കേന്ദ്രഗവൺമെൻറിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു." എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സർ, ഇൻഡ്യയിലെ മതന്യൂനപക്ഷങ്ങൾ ഈ രാജ്യത്തെ ദീർഘമായ ചരിത്രത്തിന്റെ പരിണതഫലമായിട്ട് ഉണ്ടായതാണ്. ഈ രാഷ്ട്രത്തിന്റെ മഹാൻമാരായ നേതാക്കൻമാരെല്ലാം ഇൻഡ്യയിൽ ന്യൂനപക്ഷസമുദായങ്ങളുടെ സംതൃപ്തിയും പുരോഗതിയും വളർച്ചയുമൊക്കെയാണ് ഈ രാജ്യത്തിന്റെ പുരോഗതിക്കുള്ള അളവുകോലെന്നും അവരുടെ സംതൃപ്തിയും അവരുടെ പുരോഗതിയുമാണ് ഈ രാജ്യത്തിന്റെ ഏറ്റവും വലിയ ധനമെന്നും നമ്മെയൊക്കെ പഠിപ്പിക്കുകയുണ്ടായിട്ടുണ്ട്. അതു മാത്രവുമല്ല ഈ രാജ്യത്തിന്റെ ഭരണഘടനയിൽ മതേതരത്വം എന്ന സിദ്ധാന്തത്തിന് നിയമ പ്രാബല്യം നൽകുകയും ഉണ്ടായി. ആർട്ടിക്കിൾ 25-ൽ മതേതരത്വത്തിന്റെ ചൈതന്യമാണ് കുടികൊള്ളുന്നത്. ആർട്ടിക്കിൾ 25 അനുസരിച്ച് ഇൻഡ്യയിലെ ഏതു പൗരനും അയാളുടെ മനഃസാക്ഷിയനുസരിച്ചുള്ള മതം സ്വീകരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള പരിപൂർണ്ണമായ അവകാശവും മതസ്വാതന്ത്ര്യവും നൽകിയിട്ടുണ്ട്. ഇന്ന് ഈ മഹത്തായ മതേതരത്വ രാഷ്ട്രത്തിൽ നടക്കുന്നത് എന്താണ്? ഇൻഡ്യയിൽ വിവിധ സംസ്ഥാനങ്ങളിൽ ഇന്ന് മതന്യൂനപക്ഷങ്ങൾക്കെതിരായ വിവേചനവും മർദ്ദനങ്ങളും ആക്രമണങ്ങളുമൊക്കെ നടമാടുകയാണ്. മുസ്ലീം സമുദായത്തിനെതിരായി ഇൻഡ്യയിൽ പല സ്ഥലത്തും നടന്ന ആക്രമണങ്ങളും കയ്യേറ്റങ്ങളുമൊക്കെ നാം കണ്ടുകഴിഞ്ഞതാണ്. ആലിഗറിലും വാരാണാസിയിലും അതുപോലുള്ള മറ്റു സ്ഥലങ്ങളിലും മുസ്ലീം സഹോദരൻമാർക്കെതിരായി നടന്ന മൃഗീയമായ കയ്യേറ്റങ്ങളെക്കുറിച്ച് ഞാൻ

---

* ശ്രീ. പി. ജെ. തോമസ് അധികാരപ്പെടുത്തിയ പ്രകാരം ശ്രീ. എൻ. ഐ. ഭേവസ്സിക്കുട്ടി പ്രമേയം അവതരിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly